YEARS OF CELEBRATING THE MAHATMA

**ഇടുക്കി ജില്ലാ കളക്ടർ & ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നടപടിക്രമം**
**(ഹാജർ – ഷീബ ജോർജ്ജ് ഐ.എ.എസ്)**

**തീയതി : 05/10/2021**

വിഷയം:- ദുരന്തനിവാരണം – കല്ലാർകുട്ടി ഡാമിന്റെ ഷട്ടറുകൾ തുറക്കുന്നത് – അനുമതി നൽകി ഉത്തരവാകുന്നു.

സൂചന :- 1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാംസേഫ്റ്റി ഡിവിഷൻ പാംബ്ലയുടെ 04/10/2021 ലെ RDSD4/DB –29/SH– OP/2021-22 നമ്പർ കത്ത്.

2. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട 2021 ലെ ഓറഞ്ച് പുസ്തകം.

കല്ലാർകുട്ടി ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ കാലവർഷത്തിന്റെ ഭാഗമായി തുടർച്ചയായി ശക്തമായ മഴ പെയ്യുന്നതിനാലും ഡാമിലെ ജലനിരപ്പ് ഉയർന്ന് കൊണ്ടിരിക്കുന്നതിനാലും (നിലവിലെ ജലനിരപ്പ് 452.60 മീറ്റർ, പരമാവധി ജലനിരപ്പ് – 456.60 മീറ്റർ) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ഇടുക്കി ജില്ലയിൽ അതിശക്തമായ മഴയ്ക്കുള്ള സാദ്ധ്യത കണക്കിലെടുത്ത് 05/10/2021 ന് റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലും, 05-10-2021 ന് രാവിലെ 06.00 മണി മുതൽ മുൻകരുതൽ എന്ന നിലയിൽ കല്ലാർകുട്ടി ഡാമിലെ ഷട്ടറുകൾ ആവശ്യാനുസരണം ഉയർത്തി 300 ക്യുമെക്സ് വരെ ജലം ഒഴുക്കിവിടുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് സൂചന (1) പ്രകാരം എക്സിക്യൂട്ടീവ്എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

രാത്രി കാലങ്ങളിലും ഷട്ടറുകൾ പ്രവർത്തിപ്പിച്ച് പെട്ടെന്ന് ജലം ഒഴുക്കി വിടേണ്ടി വന്നേക്കാവുന്ന ചെറിയ അണക്കെട്ടുകളിൽ കല്ലാർകുട്ടി ഡാമിനെ പരാമർശം (2) പ്രകാരമുള്ള ഓറഞ്ച് ബുക്ക് അനുബന്ധം 4, പേജ് 206, 207 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൂചന (1) അപേക്ഷ, 2021 ലെ ഓറഞ്ച് ബുക്കിലെ നിർദ്ദേശങ്ങൾ എന്നിവ പരിഗണിച്ചും, ജില്ലയിൽ 05/10/2021 തീയതിയിൽ അതിശക്തമായ മഴയ്ക്കുള്ള സാദ്ധ്യത കണക്കിലെടുത്ത് റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും, **5-10-2021 ന് രാവിലെ 06.00 മണി മുതൽ മുൻകരുതൽ എന്ന നിലയിൽ കല്ലാർകുട്ടി ഡാമിന്റെ ഷട്ടറുകൾ ആവശ്യാനുസരണം ഉയർത്തി 300 ക്യുമെക്സ് വരെ ജലം ഘട്ടം ഘട്ടമായി ഒഴുക്കിവിടുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.** ടി ജലം പുറത്തേക്ക് ഒഴുക്കുന്നതിന് മുൻപായി സൂചന (2) പ്രകാരമുള്ള കാലവർഷ – തുലാവർഷ മുന്നൊരുക്ക, ദുരന്തപ്രതികരണ മാർഗ്ഗരേഖയിൽ (ഓറഞ്ച് ബുക്ക്) പ്രതിപാദിക്കുന്ന മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാരണത്താൽ പെരിയാറിന്റെ ഇരുകരകളിലുമുള്ളവർക്ക് **അതീവ ജാഗ്രതാ നിർദ്ദേശം നൽകുന്നു.** ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായ അടിയന്തര സുരക്ഷാ മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്

Signature valid
Digitally signed by SHEEBA GEORGE
ജില്ലാ കളക്ടർ, ഇടുക്കി
Date: 2021.10.[illegible]
Reason: Approved

സ്വീകർത്താവ്:-

1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി റിസർച്ച് & ഡാംസേഫ്റ്റി ഡിവിഷൻ, പാംബ്ല

പകർപ്പ് :

1. ജില്ലാ കളക്ടർ, എറണാകുളം.
2. ജില്ലാ പോലീസ് മേധാവി, ഇടുക്കി
3. സബ് കളക്ടർ, ദേവികുളം
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. ജില്ലാ ഫയർ ഓഫീസർ, ഫയർ & റെസ്ക്യൂ, ഇടുക്കി
6. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ.
8. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (എല്ലാ പ്രമുഖ പത്ര-ദൃശ്യ, ശ്രവ്യ മാദ്ധ്യമങ്ങൾ മുഖേന പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിന്)
9. തഹസിൽദാർ, ഇടുക്കി/ ദേവികുളം/ ഉടുമ്പൻചോല.
10. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡി.ഡി.പി മുഖേന)
11. ബന്ധപ്പെട്ട വില്ലേജാഫിസർമാർക്ക് (തഹസിൽദാർമാർ മുഖേന)
12. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, ഇടുക്കി. (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
13. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്